# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

13.11.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4586

## കേരള വാട്ടർ അതോറിറ്റിയുടെ ശാക്തീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.ക്ക് നല്കുന്ന തുക കറയ്ക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | വൈദ്യുതി ചാർജ്ജ് ഇനത്തിൽ പവർ ഫാക്ടർ പെനാൽറ്റി ഒഴിവാക്കുന്നതിനായി അനുയോജ്യമായ പവർ കപ്പാസിറ്ററുകൾ പമ്പു ഹൗസുകളിൽ സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 24 മണിക്കൂർ പമ്പിങ് ഇല്ലാത്ത പമ്പ് ഹൗസുകളിൽ ഓഫ് പീക്ക് സമയങ്ങളിൽ (10 pm- 6 am) കൂടുതൽ പമ്പ് ചെയ്യുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജ് ഇനത്തിൽ ഉണ്ടാകുന്ന ചെലവ് ചുരുക്കുന്നതിനും പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സ് ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടെയും സൗരോർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയും കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാത്ത സാഹചര്യത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജടക്കം ഉണ്ടായ വർദ്ധനവ് കണക്കിലെടുത്ത് കേരളാ വാട്ടർ അതോറിറ്റിയുടെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇലക്ട്രിസിറ്റി ചാർജ്ജും പെൻഷൻ റിവിഷൻ കുടിശ്ശികയും അറ്റകുറ്റ പണികളുടെ ബില്ലുകളും കൊടുത്തുതീർക്കാൻ വേണ്ടി 478.88 കോടി രൂപയ്ക്കു നോൺ പ്ലാൻ ഗ്രാന്റിനുള്ള ഉപധനാഭ്യർത്ഥന (SDG) സർക്കാരിന്റെ പരിഗണനയിലാണ്. |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (സി) | സർക്കാർ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ട നോൺപ്ലാൻ ഗ്രാന്റ് കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | സാധാരണ ഒരു വർഷത്തെ നോൺപ്ലാൻ ഗ്രാന്റ് 10 ഗഡുക്കളായി ആണ് സർക്കാർ വാട്ടർ അതോറിറ്റിക്ക് നൽകുന്നത്. 2019-20 സാമ്പത്തിക വർഷം ഇതുവരെ 6 ഗഡുക്കളിലായി 214.03 കോടി രൂപ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ വിട്ടുതൽ അഭ്യർത്ഥിച്ചപ്പോൾ സർക്കാർ 153.10 കോടി രൂപ നൽകി. ഇനി നൽകുവാനുള്ള 60.93 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കെ.എസ്.ഇ.ബി. മാതൃകയിൽ സബ് സെക്ഷൻ രൂപീകരിക്കുന്നതിനും ഇലക്ട്രിക്കൽ വിംഗ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് സെക്ഷൻ ഓഫീസുകൾ ശാക്തീകരിക്കുന്നതിനും ഇലക്ട്രിക്കൽ വിങ് രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ